# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 ജൂൺ 20**

---

## എം.ജി, കണ്ണൂർ സർവകലാശാലകളുടെ ജോയിൻറ് മാസ്റ്റേഴ്സ് പ്രോഗ്രാം; ജൂൺ 27വരെ അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയും കണ്ണൂർ സർവകലാശാലയും സംയുക്തമായി നടത്തുന്ന ജോയിൻറ് മാസ്റ്റേഴ്സ് പ്രോഗ്രാമിന് അപേക്ഷിക്കുന്നതിനുള്ള സയമപരിധി നീട്ടി. എം.എസ്സി ഫിസിക്സ്(നാനോ സയൻസ് ആൻറ് നാനോ ടെക്നോളജി), എം.എസ്സി കെമിസ്ട്രി(നാനോ സയൻസ് ആൻറ് നാനോടെക്നോളജി) കോഴ്സുകൾക്ക് ജൂൺ 27വരെ അപേക്ഷ സ്വീകരിക്കും.

എം.ജി. സർവകലാശാലയിലെ സ്കൂൾ ഓഫ് നാനോ സയൻസ് ആൻറ് നാനോ ടെക്നോളജിയും കണ്ണൂർ സർവകലാശാലയിലെ ഫിസിക്സ്, കെമിസ്ട്രി വകുപ്പുകളും ചേർന്നാണ് കോഴ്സുകൾ ഏകോപിപ്പിക്കുന്നത്. വിദ്യാർഥികൾക്ക് രണ്ടു സർവകലാശാലകളിലെയും സൗകര്യങ്ങളും സാധ്യതകളും പ്രയോജനപ്പെടുത്താൻ കഴിയും വിധത്തിലാണ് സിലബസ് ക്രമീകരിച്ചിരിക്കുന്നത്. പഠന കാലത്ത് വ്യവസായ സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പിന് അവസരമുണ്ടാകും.

രണ്ടു കോഴ്സുകളും എം.ജി, കണ്ണൂർ സർവകലാശാലകളുടെ റെഗുലർ എം.എസ്സി കോഴ്സുകൾക്ക് തുല്യമായിരിക്കും. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് അവർ തിരഞ്ഞെടുക്കുന്ന പേരൻറ് യൂണിവേഴ്സിറ്റിയിൽനിന്നാണ് സർട്ടിഫിക്കറ്റ് ലഭിക്കുക. www.epay.mgu.ac.in എന്ന ലിങ്കിൽ ആപ്ലിക്കേഷൻ ഫീസ് അടച്ച് https://forms.gle/JYksNtK9Qi2N2f7A8 എന്ന ഗൂഗിൾ ഫോം ലിങ്ക് മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

പൊതു വിഭാഗത്തിൽ പെടുന്ന വിദ്യാർഥികൾക്ക് 500 രൂപയും പട്ടിക ജാതി, പട്ടികവർഗ വിഭാഗക്കാർക്ക് 250 രൂപയുമാണ് അപേക്ഷാ ഫീസ്.

കൂടുതൽ വിവരങ്ങൾക്ക് 9446866088, 8185998052 എന്നീ ഫോൺ നമ്പരുകളിലും nnsst@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലും ബന്ധപ്പെടാം.

(പി.ആർ.ഒ/39/677/2023)

## എഴുത്തു പരീക്ഷ 22ന്

മഹാത്മാ ഗാന്ധി സർവകലാശാല നടത്തിയ ഏകജാലക പ്രവേശന പരീക്ഷയിൽ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിസിലെ എം.എ സോഷ്യൽ വർക്ക് ഇൻ ഡിസബിലിറ്റി സ്റ്റഡീസ് ആൻഡ് ആക്ഷൻ പ്രോഗ്രാമിൻറെ ചുരുക്കപ്പട്ടികയിലുൾപ്പെട്ട വിദ്യാർഥികൾക്ക് ജൂൺ 22ന് രാവിലെ 10 മുതൽ 11 വരെ എഴുത്തു പരീക്ഷ നടക്കും.

ജൂൺ 22,23 തിയതികളിലാണ് ഇൻററവ്യു. വിദ്യാർഥികൾക്ക് ഇ-മെയിലിൽ അറിയിപ്പ് നൽകിയിട്ടുണ്ട്.

(പി.ആർ.ഒ/39/678/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ജൂലൈ 24 ന് ആരംഭിക്കുന്ന മൂന്നാം വർഷ എം.എസ്.സി മെഡിക്കൽ അനാട്ടമി(2019 അഡ്മിഷൻ റഗുലർ, 2014 മുതൽ 2018 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2013 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2013ന് മുൻപുള്ള അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ജൂലൈ 10 വരെ ഫീസടച്ച് അപേക്ഷ നൽകാം.

ജൂലൈ 11ന് പിഴയോടു കൂടിയും ജൂലൈ 12ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും.

ആദ്യ മെഴ്സി ചാൻസ് വിദ്യാർഥികൾ 5795 രൂപയും രണ്ടാം മെഴ്സി ചാൻസ് വിദ്യാർഥികൾ 8110 രൂപയും സ്പെഷ്യൽ ഫീസ് പരീക്ഷാഫീസിനും സി.വി ക്യാമ്പ് ഫീസിനുമൊപ്പം അടയ്ക്കണം.

(പി.ആർ.ഒ/39/679/2023)

## പ്രാക്ടിക്കൽ

2023 മാർച്ചിൽ വിജ്ഞാപനം പുറപ്പെടുവിച്ച ഒന്നാം സെമസ്റ്റർ(സി.എസ്.എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി) എം.എസ്.സി കമ്പ്യൂട്ടർ സയൻസ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജൂൺ 22നും എം.എസ്.സി കമ്പ്യൂട്ടർ സയൻസ് - ഡേറ്റാ അനലിറ്റിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ജൂൺ 22, 23 തീയതികളിലും നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/680/2023)

## പരീക്ഷാ ഫലം

ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ സി.ബി.സി.എസ് - ബി.കോം, ബി.എ മോഡൽ 1,2,3 (പുതിയ സ്കീം - 2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2017-2020 അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓൺലൈനിൽ ഫീസ് അടച്ച് ജൂലൈ അഞ്ചു വരെ അപേക്ഷിക്കാം.

.........................

2022 നവംബറിൽ നടന്ന നാലാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.എ എൽ.എൽ.ബി (ഓണേഴ്സ് - 2016,2017 അഡ്മിഷനുകൾ സപ്ലിമെൻററി), ബി.കോം എൽ.എൽ.ബി (ഓണേഴ്സ് - 2015,2016,2017 അഡ്മിഷനുകൾ സപ്ലിമെൻററി) ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷ നിശ്ചിത ഫീസ് സഹിതം ജൂലൈ അഞ്ചു വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/681/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**